# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : **353**

**14/7/2015**- ലെ മറുപടിക്ക്

## സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ നടപടി

**ചോദ്യം**

ശ്രീ. കെ.കെ നാരായണൻ
,, ഇ.പി. ജയരാജൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, വി. ചെന്താമരാക്ഷൻ

**മറുപടി**

**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

എ) കേരളത്തിൽ സഹകരണ മേഖല നാശോന്മുഖമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സങ്കുചിത രാഷ്ട്രീയ ലക്ഷ്യങ്ങളോടെ കേന്ദ്ര-സംസ്ഥാന സർക്കാറുകൾ കൈക്കൊള്ളുന്ന നടപടികൾ സ്ഥിതിഗതികൾ ഗുരുതരമാക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എ) കേരളത്തിലെ സഹകരണ മേഖല നാശോന്മുഖമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ സഹകരണ മേഖലയുടെ വളർച്ചയും പുരോഗതിയും ലക്ഷ്യമാക്കി സംസ്ഥാന സഹകരണ വകുപ്പ് നിരവധി കർമ്മ പരിപാടികൾ നടപ്പിലാക്കുകയും അതിലൂടെ സഹകരണ മേഖലയിൽ ഒരു പുത്തനുണർവ് ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ സഹകരണ രംഗം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനും നിലവിലുള്ളവയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും അതോടൊപ്പം പ്രവർത്തനമേഖലയിലെ പോരായ്മകൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനും സഹകരണ മേഖലയെ കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. കേന്ദ്ര സർക്കാർ രാജ്യവ്യാപകമായി സഹകരണ മേഖലയിൽ നടപ്പിലാക്കുന്ന ചില നയങ്ങളും, തീരുമാനങ്ങളും സംസ്ഥാനത്തെ സഹകരണ മേഖലക്ക് അനുയോജ്യമല്ലെന്ന് ശ്രദ്ധയിൽപ്പെടുകയും ഇക്കാര്യത്തിൽ അനുകൂല നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ആദായനികുതി നിയമപ്രകാരം സഹകരണ സ്ഥാപനങ്ങളിൽ നിന്നും ആദായനികുതി വകുപ്പ് വിവരങ്ങൾ ശേഖരിക്കുന്ന വിഷയം പാർലമെന്റ് സമ്മേളനങ്ങൾക്ക് മുന്നോടിയായുള്ള എം.പി മാരുടെ യോഗത്തിൽ ചർച്ച ചെയ്യുകയും

അതോടൊപ്പം തന്നെ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് സർക്കാർ, കത്തുകൾ നൽകുകയും ചെയ്തിട്ടുണ്ട്.

ബി) സഹകരണ മേഖല ശക്തിപ്പെടുത്തി സാമൂഹ്യ പുരോഗതിക്ക് ഉപയുക്ത മാക്കുന്ന നടപടികൾക്ക് തയ്യാറാകുമോ?

ബി) സാമൂഹ്യ പുരോഗതിക്ക് ഉപയുക്തമാക്കുന്ന നിരവധി പദ്ധതികൾ സഹകരണ വകുപ്പ് ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കി വരുന്നുണ്ട്.

സഹകരണ സംഘങ്ങളിലെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനും വായ്പക്കാർക്ക് കുടിശ്ശിക ഇളവ് നൽകുന്നതിനുമായി കുടിശ്ശിക നിവാരണ പദ്ധതിയായ 'ആശ്വാസ്' നടപ്പിലാക്കി. നിക്ഷേപ രംഗത്ത് ഉണർവ്വുണ്ടാക്കുന്നതിനുള്ള 'നിക്ഷേപ സമാഹരണ പദ്ധതി', നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് 'നിക്ഷേപ ഗ്യാരന്റി സ്കീം', സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ശാരീരിക വൈകല്യമുള്ള വ്യക്തികൾക്ക് പ്രാതിനിധ്യം, കാർഷിക ഗ്രാമ വികസന ബാങ്കുകൾക്ക് പൊതുജനങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അനുമതി, കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിന് കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനങ്ങൾ, ടൂറിസം രംഗത്ത് അപ്പക്സ് സ്ഥാപനം രജിസ്റ്റർ ചെയ്തത്, പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ വികസന പദ്ധതികൾ, സഹകാരികൾ, ജീവനക്കാർ തുടങ്ങിയവർക്കുള്ള ധനസഹായ പദ്ധതികളുടെ പരിഷ്കരണം, വിവിധ മേഖലകളിൽ പഠന സമിതികളെ നിയമിക്കൽ, റിസ്ക് ഫണ്ട് പദ്ധതി പരിഷ്കരണം, 'എന്റെ സംഘം', 'ഉണർവ്വ്' ക്യാമ്പയിനുകൾ, സഹകരണ നിയമ ഭേദഗതി, വകുപ്പിന്റെ ആസ്ഥാന മന്ദിരം, 7-ാം സഹകരണ കോൺഗ്രസ്സ്/ എക്സ്പോ എന്നിവ സംഘടിപ്പിച്ചത്, ഹ്രസ്വകാല കാർഷിക വായ്പയിലെ പലിശ രഹിത വായ്പാ പദ്ധതി, കർഷക സേവന കേന്ദ്രങ്ങൾ, സഹകാരികളുമായി ആശയ വിനിമയം നടത്തുന്നതിനുള്ള "മുഖാമുഖം" പരിപാടി, ആഡിറ്റ് കാലാനുസൃതമാക്കൽ, സഹകരണ വകുപ്പിന്റെ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കൽ, സഹകരണ

സ്ഥാപനങ്ങൾ മുഖേന അഞ്ച് ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന **പ**ദ്ധതിയായ "ആലില," ജൈവ പ ച്ചക്കറികൃഷി ലക്ഷ്യമാക്കിക്കൊണ്ടുള്ള "സുവർണ്ണകേരളം" പദ്ധതി, സഹകരണ സ്ഥാപനങ്ങളിൽ മഴവെള്ള സംഭരണികൾ നിർമ്മിക്കുക എന്നിവ ഇവയിൽ ഉൾപ്പെടുന്നു.

**സെക്ഷൻ ഓഫീസർ**